DCKNR/7058/2016-C7

കണ്ണൂർ ജില്ല കലക്ടറുടെ 02.03.2017 ലെ DCKNR/7058/2016-C7 നമ്പർ നടപടിക്രമം

(ഹാജർ: മിർ മുഹമ്മദ് അലി ഐ.എ എസ്)

-----------------

വിഷയം: LARR Act 2013 – കണ്ണൂർ വിമാനത്താവളം ഡ്രെയിനേജ് നിർമ്മാണം സ്ഥലമെടുപ്പ് - social Impact Assessment Study & Report from Expert Group -ശുപാർശകൾ അംഗീകരിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന: 1) GO(Rt.)No 46/2016/Trans. Dated 03.02.2016

2) GO(P.)No 376/2016/RD & GO(P) No 377/2016/RD on 29.6.2016

3) ചെയർമാൻ സാമൂഹ്യാഘാത പഠനഏജൻസിയായ വിജിൽ മട്ടന്നൂർ സമർപ്പിച്ച 23.01.2017 ലെ റിപ്പോർട്ട്

4) ചെയർമാൻ വിദഗ്ദസമിതിയുടെ 10.2.2017 ലെ വിലയിരുത്തൽ റിപ്പോർട്ട്

5) LARR Act 2013 ലെ വകുപ്പ് 17 റൂൾ (1),(2),(3),(4)

--------------

കണ്ണൂർ വിമാനത്താവളം ഡ്രെയിനേജ് നിർമ്മാണത്തിനായി എൽ.എആർ.അർ ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ ഭരണാനുമതി ലഭിക്കുകയും അർത്ഥനാധികാരിയായ മാനേജിംഗ് ഡയരക്ടർ കിൻഫ്ര സമർപ്പിച്ച ഫോറം 2 അർത്ഥനയുടെ അടിസ്ഥാനത്തിൽ ഡ്രെയിനേജ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിൽ മട്ടന്നൂരിനെ പഠനഏജൻസിയായി നിയമിക്കുകയും ടി സ്ഥാപനം സൂചന (3) പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്

LARR Act 2013 ലെ സബ്. സെക്ഷൻ (1) സെക്ഷൻ 7 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് രൂപീകരിച്ച വിദഗ്ദസമിതി സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

വിമാനത്താവളം പദ്ധതിപ്രദേശത്തു നിന്നും മഴവെള്ളം കുത്തിയൊലിച്ച് പ്രദേശവാസികൾക്ക് വസ്തുനാശവും കൃഷിനാശവും ഉണ്ടാക്കുന്നത് സ്ഥായിയായി ഇല്ലായ്മ ചെയ്യുന്നതിന് സ്ഥിരസംവിധാനമായി തോടുകൾ അത്യന്താപേക്ഷിതമാണ് എന്ന സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിദഗ്ദസമിതിയും അംഗീകരിച്ചിട്ടുണ്ട്. അർത്ഥന സമർപ്പിക്കപ്പെട്ട 5 തോടുകൾ നിർമ്മാണം നടത്തുന്നതിന് വൻ തോതിലുള്ള ഭൂമിയേറ്റെടുക്കൽ ആവശ്യമില്ലെന്നും ഇതിനായി ആരും കുടിയൊഴിപ്പിക്കപ്പെടുന്നില്ലായെന്നും സമിതി റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്. ഡ്രെയിനേജ് ആവശ്യത്തിനായി വളരെ അത്യാവശ്യമായതും ഏറ്റവും ചുരുങ്ങിയ അളവിലുള്ളതുമായ ഭൂമി മാത്രമേ ഏറ്റെടുക്കുന്നതിനായി ശുപാർശ ചെയ്തിട്ടുള്ളൂ.

3 ാം നമ്പർ ആയി പറഞ്ഞിരിക്കുന്ന കൊതേരി തോടിൻെറ ചെറിയ ഭാഗം ദിശ മാറ്റണമെന്ന സാമൂഹ്യപ്രത്യാഘാത പഠനസമിതിയുടെ ശുപാർശ വിദഗ്ദസമിതി അംഗീകരിച്ചിട്ടുണ്ട്.

നിലവിൽ കൃഷിചെയ്തു വരുന്ന വയലിന് സംരക്ഷണം നൽകുന്നതിനായും ഭൂമി തുണ്ടുകളായി മുറിയുന്നത് ഒഴിവാക്കുന്നതിനും ഇത് സഹായകമാവും എന്നും ഇതിനായി സാങ്കേതിക പരിശോധന നടത്തേണ്ടതുണ്ടെന്നും സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തോടുകളുടെ വശങ്ങൾ കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷണം നൽകണമെന്നും പദ്ധതി പ്രദേശത്തുനിന്നും മലിനജലം തോടുകളിലേക്ക് എത്താതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും നടപ്പാതകൾ മുറിയുന്നത് ഒഴിവാക്കുന്നതിന് കോൺക്രീറ്റ് സ്ലാബുകൾ സ്ഥാപിച്ച നല്ലണമെന്നും വിദഗ്ദസമിതി ശുപാർശ ചെയ്തിട്ടുണ്ട്.

എന്നിരുന്നാലും കണ്ണൂർ വിമാനത്താവളം പ്രദേശത്തു നിന്നുമുള്ള മഴവെള്ളം ഒലിച്ചുവന്ന് സമീപസ്ഥലത്ത് വസ്തുനാശവും കൃഷിനാശവും ഉണ്ടാക്കുന്നത് സ്ഥായിയായി ഇല്ലായ്മ ചെയ്യുന്നതിന് സ്ഥിരസംവിധാനമായി അർത്ഥന സമർപ്പിക്കപ്പെട്ട തോടുകളുടെ നിർമ്മാണം അത്യന്താപേക്ഷിതമാണെന്ന് കാണുന്നു. ടി ആവശ്യത്തിനായി മുൻകാലങ്ങളിൽ ഭൂമി ഏറ്റെടുത്തിട്ടില്ല. ഡ്രെയിനേജ് നിർമ്മാണാവശ്യത്തിനായി വൻ തോതിലുള്ള ഭൂമിയേറ്റെടുക്കൽ ആവശ്യമില്ലെന്നതും ഇതിനായി ആരും കുടിയൊഴിപ്പിക്കപ്പെടുന്നില്ലയെന്നത് പരിഗണിച്ചുകൊണ്ടും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ബാധ്യത സർക്കാരിൽ നിക്ഷിപ്തമാണെന്നതിനാലും സൂചന (3) പ്രകാരം സമർപ്പിച്ച സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിൻമേൽ തുടർപഠനം നടത്തിയ വിദഗ്ദസമിതിയുടെ സൂചന(4) പ്രകാരമുള്ള ശുപാർശ പരിഗണിച്ചുകൊണ്ടും, 27.07.2016 ൽ മാനേജിംഗ് ഡയരക്ടർ കിൻഫ്ര സമർപ്പിച്ച അർത്ഥന പ്രകാരം കണ്ണൂർ വിമാനത്താവളം പദ്ധതിപ്രദേശത്തു നിന്നും മഴവെള്ളം ഒഴുകിപോകുന്നതിനുള്ള 5 ഡ്രെയിനേജുകൾ വീതികൂട്ടുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടി ,

| | |
|---|---|
| തോട് നമ്പർ 1 | 0.0841 ഹെക്ടർ |
| തോട് നമ്പർ 2 | 0.3993 ഹെക്ടർ |
| തോട് നമ്പർ 3 | 0.1428 ഹെക്ടർ |
| തോട് നമ്പർ 4 | 0.1401 ഹെക്ടർ |
| തോട് നമ്പർ 5 | 0.0405 ഹെക്ടർ |

ആകെ **0.8068** ഹെക്ടർ ഭൂമി RFCTLARR Act 2013 വകുപ്പ് 8(1),(2) റൂൾ 17 ന് അനുസൃതമായി പൊതുതാല്പര്യാർത്ഥം ഏറ്റെടുക്കുന്നതിനായി ഇതിനാൽ ഉത്തരവാക്കുന്നു.

ഒപ്പ്/
ജില്ല കലക്ടർ

/ഉത്തരവിൻ പ്രകാരം/

ഡെപ്യൂട്ടി കലക്ടർ (എൽ എ)

സെക്രട്ടറി
റവന്യൂ (ബി) വകുപ്പ്
തിരുവനന്തപുരം

സെക്രട്ടറി
ട്രാൻസ്പോർട്ട് (ഡി) വകുപ്പ്
തിരുവനന്തപുരം

സെക്രട്ടറി
ജലവിഭവ വകുപ്പ് ,തിരുവനന്തപുരം